LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് കമ്പളയിലെ പി. മുരളി കൊലപാതക കേസ് സംബന്ധിച്ച്

188 (193) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്തിയ കേസ്സിലെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസ്സിലെ ഗൂഡാലോചനയിൽ പങ്കെടുത്തവരെ കൂടി പിടികൂടണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഗൂഡാലോചനയിൽ പങ്കെടുത്തവരെ പിടികൂടുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് കമ്പളയിലെ മുരളിയെ കൊലപ്പെടുത്തിയ കേസ്സിൽ എട്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ഉത്തര മേഖലാ എ.ഡി.ജി.പി.യുടെ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ 11 അംഗങ്ങൾ ഉൾപ്പെടുന്ന പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ടി കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(സി) ടി കേസിന്റെ ഗൂഢാലോചന സംബന്ധിച്ചും മറ്റും അന്വേഷണം നടത്തി വരുന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

കാണാതായവരെ സംബന്ധിച്ച വിശദാംശങ്ങൾ

189 (194) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കാണാതായ പെൺകുട്ടികൾ, ആൺകുട്ടികൾ, വൃദ്ധർ, വനിതകൾ മറ്റുള്ളവർ എത്രയെന്ന തരം തിരിച്ചു വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ ഓരോ വിഭാഗത്തിൽ നിന്നും എത്ര പേരെ നാളിതുവരെ കണ്ടെത്തിയെന്നും എത്ര പേരെ കണ്ടെത്തുവാനുണ്ടെന്നും വ്യക്തമാക്കാമോ ;